പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ

3 (*633) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. കെ. രാധാകൃഷ്ണൻ:
ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാച്ചിമട ട്രിബ്യൂണൽ ബില്ലിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ;

(ബി) ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുന്നതിനായി നടത്തിയ ശ്രമങ്ങൾ വിശദീകരിക്കുമോ;

(സി) മുൻ കേന്ദ്രസർക്കാരിന്റെ ഇടപെടൽ കാരണമാണ് ബില്ലിന്മേലുള്ള തീരുമാനം വൈകിയതെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഇക്കാര്യം സംബന്ധിച്ച് സംസ്ഥാനസർക്കാർ പുതിയ കേന്ദ്രസർക്കാരുമായി ബന്ധപ്പെട്ടിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്): സർ,

(എ) 2011-ലെ കേരള പ്ലാച്ചിമട കൊക്കക്കോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രിബ്യൂണൽ ബിൽ 24-2-2011-ൽ നിയമസഭ പാസ്സാക്കിയിട്ടുള്ളതും രാഷ്ട്രപതിയുടെ പരിഗണനയ്ക്കും അനുമതിക്കുമായി 29-3-2011-ൽ ബഹുമാനപ്പെട്ട ഗവർണ്ണർ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് അയച്ചുകൊടുത്തിട്ടുള്ളതും കേന്ദ്ര ആഭ്യന്തര മന്ത്രാലയം ആവശ്യപ്പെട്ട പ്രകാരം സംസ്ഥാന സർക്കാരിന്റെ വിശദീകരണം കേന്ദ്രത്തിന് അയച്ചുകൊടുത്തിട്ടുള്ളതുമാണ്. ബിൽ ഇപ്പോൾ രാഷ്ട്രപതിയുടെ അനുമതിക്കായി കേന്ദ്രസർക്കാരിൽ നിലവിലുണ്ട്.

(ബി) പ്രസ്തുത ബില്ലിനെ സംബന്ധിച്ച് കേന്ദ്ര ആഭ്യന്തര മന്ത്രാലയം ആവശ്യപ്പെട്ട പ്രകാരം സംസ്ഥാനസർക്കാരിന്റെ വിശദീകരണം 17-11-2011, 3-1-2012, 21-11-2013 എന്നീ തീയതികളിലെ കത്തുകൾ മുഖേന ബഹുമാനപ്പെട്ട ഗവർണ്ണറുടെ ഓഫീസിലേക്ക് അയച്ചിട്ടുള്ളതും അവ ബഹുമാനപ്പെട്ട ഗവർണ്ണറുടെ ഓഫീസിൽ നിന്നും സംസ്ഥാനസർക്കാരിന്റെ വിശദീകരണവുമായി അതതു സമയം കേന്ദ്രസർക്കാരിലേക്ക് അയച്ചിട്ടുള്ളതും അവസാനമായി ബഹുമാനപ്പെട്ട ഗവർണ്ണറുടെ ഓഫീസിലെ 24-12-2013-ലെ കത്ത് മുഖേന കേന്ദ്രസർക്കാരിലേക്ക് അയച്ചുകൊടുത്തിട്ടുള്ളതുമാണ്.

(സി) അങ്ങനെ ഒരു ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) സംസ്ഥാന പാർലമെന്റ് അംഗങ്ങൾ മുഖേന ഇക്കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽകൊണ്ടുവരുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. വി. വിജയദാസ്: സർ, വൻതോതിൽ ജലമലിനീകരണത്തിനും ആരോഗ്യപ്രശ്നങ്ങൾക്കും കാരണമായിട്ടുള്ള ഒരു പ്രദേശമാണ് പ്ലാച്ചിമട. അവിടെയുള്ള വെള്ളം മുഴുവൻ മലിനജലമായി. ജൈവവളം എന്ന പേരിൽ പാടശേഖരങ്ങളിൽ വിതറിയത് രാസവസ്തുവാണ്. ആ ഗ്രാമം മുഴുവൻ ശ്വാസകോശ രോഗങ്ങളും തൊലി രോഗങ്ങളും കൊണ്ടുനിറഞ്ഞു. അതിനുള്ള നഷ്ടപരിഹാരമാണ് ഉന്നതാധികാര സമിതി ശുപാർശ ചെയ്തിട്ടുള്ള 216 കോടി രൂപ. അതിനുവേണ്ടി സ്ഥാപിച്ചിട്ടുള്ള ഈ ട്രൈബ്യൂണലിനെ 1986-ലെ എൻവയോൺമെന്റ് പ്രൊട്ടക്ഷൻ ആക്ട്, 1981-ലെ വാട്ടർ ആക്ട്, 2010-ലെ നാഷണൽ ഗ്രീൻ ട്രൈബ്യൂണൽ ആക്ട് എന്നിവ ബില്ലിലെ ചില വ്യവസ്ഥകൾക്ക് തടസ്സം നിൽക്കുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തടസ്സങ്ങൾ മറികടക്കാൻ കഴിഞ്ഞിട്ടുണ്ടോ?

ശ്രീ. പി. ജെ. ജോസഫ്: സർ, ചില വിശദീകരണങ്ങൾ കേന്ദ്രത്തിൽ നിന്നും ആവശ്യപ്പെടുകയുണ്ടായി. ആ വിശദീകരണങ്ങൾ സഹിതം കേന്ദ്രത്തിലേക്ക് മേൽ തീയതികളിൽ മറുപടി അയച്ചിട്ടുണ്ട്.

ശ്രീ. കെ. വി. വിജയദാസ്: സർ, ട്രൈബ്യൂണലിന്റെ അംഗീകാരം ലഭിക്കാൻ കേന്ദ്രത്തിലേക്ക് ഒരു സർവ്വകക്ഷി സംഘത്തെ അയയ്ക്കാൻ ഗവൺമെന്റ് സന്നദ്ധമാകുമോ?

ശ്രീ. പി. ജെ. ജോസഫ്: സർ, അക്കാര്യം പ്രത്യേകം ആലോചിക്കാം.

ശ്രീ. കെ. രാധാകൃഷ്ണൻ: സർ, പ്ലാച്ചിമടയിലെ കൊക്കകോള കമ്പനി നടത്തിയ ജല ചൂഷണത്തെത്തുടർന്നാണ് അവിടത്തെ ജനങ്ങൾ വലിയ ദുരിതത്തിലായത്. അങ്ങനെ ദുരിതത്തിലായ ജനങ്ങളെ സംരക്ഷിക്കുന്നതിനു വേണ്ടിയാണ് ഈ നിയമസഭ ഐകൃകണ്ഠേന സ്പെഷ്യൽ ട്രിബ്യൂണൽ ബിൽ പാസ്സാക്കി കേന്ദ്രത്തിലേക്ക് അയച്ചുകൊടുത്തത്. കഴിഞ്ഞ മൂന്നുവർഷമായി രാഷ്ട്രപതിയുടെ അംഗീകാരത്തിനായി ആ ബിൽ കാത്തുകിടക്കുകയാണ്. അംഗീകാരം ലഭിക്കാനാവശ്യമായ ശ്രമങ്ങൾ വേണ്ട രീതിയിൽ നടക്കുന്നില്ലായെന്ന ആക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. പാവപ്പെട്ട ആളുകളെ സഹായിക്കാനുള്ള ബിൽ, മൂന്നുവർഷമായി രാഷ്ട്രപതിയുടെ അംഗീകാരത്തിനായി കാത്തു കിടക്കേണ്ടിവരുന്നത് നമ്മുടെ നിയമസഭയെയും കേരളത്തിലെ ജനങ്ങളെയും പ്രത്യേകിച്ച് പ്ലാച്ചിമടയിലെ ജനങ്ങളെയും സംബന്ധിച്ചിടത്തോളം ഏറെ അപമാനകരമാണെന്ന് സൂചിപ്പിക്കുകയാണ്. എത്രയും പെട്ടെന്ന് ഈ ബില്ലിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കുന്നതിന് സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്. അങ്ങനെ സമ്മർദ്ദം ചെലുത്തി ആ ബിൽ പാസ്സായെങ്കിൽ മാത്രമേ 2009-ൽ സർക്കാർ നിയോഗിച്ച ഉന്നതാധികാര സമിതി അവരുടെ റിപ്പോർട്ടിൽ പറഞ്ഞതുപോലെ പ്ലാച്ചിമടയിൽ ദുരിതം അനുഭവിക്കുന്ന പാവപ്പെട്ട ആളുകൾക്ക് 216 കോടി രൂപ നഷ്ടപരിഹാരമായി നൽകാൻ കഴിയുകയുള്ളൂ. അതുകൊണ്ട് എത്രയും പെട്ടെന്ന് ബിൽ പാസ്സാക്കിയെടുക്കാൻ വേണ്ടിയുള്ള ഒരു ഇടപെടൽ സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ യെന്നാണ് ഈ ചോദ്യത്തിലൂടെ ഞങ്ങൾക്ക് ഉന്നയിക്കാനുള്ളത്. അതോടൊപ്പം

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ പ്ലാച്ചിമട കമ്പനി ഏകദേശം അഞ്ച് കോടിയിൽപ്പരം രൂപയാണ് വിവിധ നികുതിയിനത്തിൽ കൊടുക്കേണ്ടത്. അവർ ഹൈക്കോടതിയിൽപ്പോയി വിവിധ നികുതി തൽക്കാലത്തേക്ക് കൊടുക്കേണ്ടതില്ലെന്ന ഉത്തരവ് വാങ്ങിച്ചു. എല്ലാ കേസ്സുകൾക്കും സുപ്രീം കോടതിയെ അല്ലെങ്കിൽ ഉപരികോടതിയെ സമീപിക്കുന്ന പതിവ് സംസ്ഥാന ഗവൺമെന്റിനുണ്ട്. എന്തുകൊണ്ടാണ് പ്ലാച്ചിമട കമ്പനിക്ക് ഈ നികുതി ഇളവ് നൽകാൻ കോടതി പറഞ്ഞപ്പോൾ സുപ്രീം കോടതിയിൽ അപ്പീൽ പോകാൻ ഗവൺമെന്റ് തയ്യാറാകാത്തത്; അത് ഈ കുത്തക കമ്പനികളെ സഹായിക്കാൻവേണ്ടിയുള്ള നിലപാടാണെന്ന വാദം ശക്തിപ്പെടുത്തുന്നതിന് ഇടയായിട്ടില്ലേ; അതുസംബന്ധിച്ച് ഗവൺമെന്റിന്റെ നിലപാട് എന്താണെന്ന് വ്യക്തമാക്കാൻ തയ്യാറാകുമോ ?

ശ്രീ. വി. ജെ. ജോസഫ്: സർ, ഹൈക്കോടതിയിൽ നിന്ന് അത്തരം ഒരു വിധി എന്നാണുണ്ടായതെന്ന് എനിക്ക് നിശ്ചയമില്ല. അപ്പീൽ പോകുന്ന കാര്യത്തെ സംബന്ധിച്ച് ധനകാര്യ വകുപ്പുമായി ചർച്ച ചെയ്യാം. കേന്ദ്രത്തിലെ ഹോം മിനിസ്ട്രിയാണ് ഇതുസംബന്ധിച്ചുള്ള വിശദീകരണം ചോദിക്കുന്നത്. അതിനുള്ള കത്തിടപാടുകൾ നടന്നുകൊണ്ടിരിക്കുകയാണ്. ആ ശ്രമം വീണ്ടും തുടരുന്നതാണ്. അവരുമായി വീണ്ടും ചർച്ച ചെയ്യുന്നതാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, നമ്മുടെ നിയമസഭ ഐകകണ്ഠേന പാസ്സാക്കിയ നിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ടാണ് ഈ ചോദ്യം ഉയർന്നുവന്നിട്ടുള്ളത്. 2011-ൽ പാസ്സാക്കിയിട്ട് ഇന്നുവരെയും അത് യാഥാർത്ഥ്യമാക്കുന്നതിനുള്ള ഒരു നടപടിയും സ്വീകരിക്കപ്പെട്ടിട്ടില്ല. നമ്മുടെ രാജ്യം ഭരിക്കുന്നത് ജനാധിപത്യ സംവിധാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളാണോ അതോ കോർപ്പറേറ്റ് മുതലാളിമാരാണോ എന്ന ചോദ്യത്തിന്റെ കൃത്യമായ ഉത്തരം കോർപ്പറേറ്റ് മുതലാളിമാരാണെന്നാണ്. സുപ്രീം കോടതിയിലെ പ്രമുഖരായ ഒരു വക്കീലിന്റെ കാര്യമാണ് ഞാൻ പറഞ്ഞത്.

മി. സ്പീക്കർ: കേന്ദ്രത്തിൽ കിടക്കുന്ന വിഷയം ഇവിടെ ചർച്ച ചെയ്ത് ബഹളമുണ്ടാക്കിയാൽ തീരുന്നതാണോ? വിഷയത്തോടുള്ള ആത്മാർത്ഥത യാണോ ബഹളമുണ്ടാക്കുന്നതിനുവേണ്ടിയാണോ ചോദിക്കുന്നത് ?

ശ്രീ. വി. ചെന്താമരാക്ഷൻ: സർ, ഞാൻ ബഹളമുണ്ടാക്കുന്നതിനുവേണ്ടിയല്ല ഇത് ചോദിച്ചത്. ഞാൻ ബഹളമുണ്ടാക്കുന്നതിനുവേണ്ടി പറയുന്ന ആളുമല്ല. കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രി ചെയ്യേണ്ട കാര്യമാണ്. കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയുടെ നിയന്ത്രണത്തിലാണ് കാര്യങ്ങൾ ചെയ്യേണ്ടത്. പക്ഷേ ചെയ്തിട്ടില്ലായെന്നുള്ളത് യാഥാർത്ഥ്യമാണ്. നമ്മുടെ നാട്ടിലെ കോടിക്കണക്കിന് ആദിവാസികളുൾപ്പെടെയുള്ള പാവപ്പെട്ട ആളുകളുടെ കുടിവെള്ള പ്രശ്നത്തിന് ഉദാസീനമായ സമീപനമാണ് കഴിഞ്ഞ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ കേന്ദ്ര ഗവൺമെന്റ് മാറി. ഈ ഗവൺമെന്റിന്റെ മുമ്പിൽ ഇത് പരിഗണനയ്ക്കായി സമർപ്പിച്ച് ഇത് യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. ജെ. ജോസഫ്: സർ, പുതിയ കേന്ദ്ര ഗവൺമെന്റിനോട് ഈ അവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് വീണ്ടും ഒരു കത്തുംകൂടി അയയ്ക്കുന്നതാണ്. അതുകൊണ്ട് പറ്റുമില്ലെങ്കിൽ കേന്ദ്ര ആഭ്യന്തര വകുപ്പുമന്ത്രിയെ നേരിൽ കാണാൻ ശ്രമിക്കാം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്നപ്പോൾ ഞങ്ങൾ ഈ കമ്പനിയെ കൊണ്ടുവരുന്നുവെന്ന് ശ്രീ. ശിവദാസമേനോൻ ഈ സഭയിൽ പ്രഖ്യാപിച്ചത് ഞാൻ അപ്പുറത്തിരുന്ന് കേട്ടതാണ്. പ്രതിപക്ഷമാണ് ആ കമ്പനിയെ കൊണ്ടുവന്നത്. അത് മറന്നു കൊണ്ടാണ് ഇവിടെ സംസാരിക്കുന്നത്. ഇവർ കൊണ്ടുവന്ന കമ്പനിയുടെ പാപഭാരം മുഴുവൻ ഈ ഗവൺമെന്റിന്റെ പുമലിൽ കെട്ടിവയ്ക്കുന്നത് ശരിയാണോ?

ശ്രീ. പി. ജെ. ജോസഫ്: സർ, നിയമസഭ പാസ്സാക്കിയ പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ നിലവിൽ വന്നാൽ മാത്രമേ ബുദ്ധിമുട്ട് അനുഭവിക്കുന്ന ആളുകളെ സഹായിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഇതിന് അംഗീകാരം കിട്ടുന്നതിനുവേണ്ടി വീണ്ടും ശ്രമം നടത്തുന്നതാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, കൊക്കകോള കമ്പനിയുടെ സ്വാധീനം എത്ര വലുതാണെന്ന് വ്യക്തമാക്കുന്നതാണ് നാവുകൊല്ലമായി ഈ ബിൽ രാഷ്ട്രപതിയുടെ പരിഗണനയിലിരിക്കുകയാണെന്നത്. ഇത്രയും കാലമായിട്ടും നമുക്ക് ഇതിന് അംഗീകാരം വാങ്ങാൻ കഴിഞ്ഞില്ല. വളരെയധികം ചർച്ച ചെയ്ത് നിയമസഭ ഐകകണ്ഠേന പാസ്സാക്കിയ നിയമമാണിത്. വളരെ പ്രതീക്ഷയായിരുന്നു ആ പ്രദേശത്തുള്ള ആദിവാസി ജനവിഭാഗങ്ങൾക്കുണ്ടായിരുന്നത്. ബോധപൂർവ്വം ഇതിന് അംഗീകാരം കൊടുക്കാത്തതാണ്. ഇക്കാര്യത്തിൽ രാഷ്ട്രപതിയെ സമീപിക്കുകയാണ് വേണ്ടത്. അതുകൊണ്ട് ആഭ്യന്തര വകുപ്പുമന്ത്രിയെ കണ്ടതുകൊണ്ട് കാര്യമില്ല. മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും കൂടി ഒന്നിച്ചുപോയി രാഷ്ട്രപതിയെ കണ്ട് അംഗീകാരം വാങ്ങിക്കണം. അല്ലെങ്കിൽ നിയമസഭ ഒറ്റക്കെട്ടായി നിന്നുകൊണ്ട് നിലപാട് സ്വീകരിക്കണം. ഈ നിയമം നിയമസഭ പാസ്സാക്കിയതിന് ഒരു വിലയുമില്ലേ? നാവുകൊല്ലമായി വെറുതെ വച്ചിരിക്കുകയാണോ? അതുകൊണ്ട് കേരളത്തിന്റെ പ്രശ്നമായി കണ്ട് ഇടപെടാൻ തയ്യാറാകണം. അതിന് ഈ ഗവൺമെന്റ് തയ്യാറുണ്ടോ?

ശ്രീ. പി. ജെ. ജോസഫ്: സർ, മുഖ്യമന്ത്രിയുമായി ആലോചിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കാം.

മി. സ്പീക്കർ: മുഖ്യമന്ത്രി സഭയിലില്ല. ഈ വിഷയം ഗൗരവമുള്ളതാണ്. കേരളത്തിന്റെ പൊതു പ്രശ്നമാണ്. നമ്മൾ ഒരു തർക്കത്തിലേക്ക് പോകേണ്ട കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly